**ഡയറ്ററി/അടിയന്തിരം**

എ2- 3977/2016

ജയിൽ ആസ്ഥാനകാര്യാലയം,
തിരുവനന്തപുരം.
തീയതി: 06/04/2016

## സർക്കുലർ നമ്പർ 32

വിഷയം: ജയിലുകൾ - ജയിൽ ആസ്ഥാനകാര്യാലയം - 2016-17 സാമ്പത്തിക വർഷത്തിൽ ഭക്ഷണപലവക സാധനങ്ങൾ വാങ്ങുന്ന നടപടി ക്രമങ്ങൾ - സംബന്ധിച്ച്.

സൂചന: 31/03/2006-ലെ സ.ഉ.(സാധാ) നം.852/2006/ആഭ്യന്തരം.

2016-17 സാമ്പത്തിക വർഷം ജയിലിലേയ്ക്കാവശ്യമായ ഭക്ഷണ പലവക സാധനങ്ങൾ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ലഭ്യമായത് നിർബന്ധമായും അവിടെ നിന്നും വാങ്ങേണ്ടതാണ്. അവിടെ ലഭ്യമല്ലാതെ വരുന്നവ മാത്രം ടെണ്ടർ/ക്വൊട്ടേഷൻ വ്യവസ്ഥയിൽ ബ്യൂറോ ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സിന്റെ നിരക്കിന് അനുസൃതമായും ഗുണമേന്മ ഉറപ്പാക്കിയും സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങേണ്ടതാണ്.

പല ജയിൽ സ്ഥാപനങ്ങളും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഭക്ഷണ പലവക സാധനങ്ങൾ വാങ്ങാൻ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

ആയതിനാൽ നടപ്പുസാമ്പത്തിക വർഷം (2016-17) സഹകരണ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഭക്ഷണ പലവക സാധനങ്ങൾ സംഭരിക്കുന്നതിന് മുൻകൂർ അനുമതി വാങ്ങിയവരും മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണെന്ന് എല്ലാ ജയിൽ സൂപ്രണ്ടുമാരേയും ഇതിനാൽ അറിയിക്കുന്നു.

(ഒപ്പ്)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

1) എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും
2) ജയിൽ ഡിഐജി, ദക്ഷിണ മേഖല/മദ്ധ്യ മേഖല/ഉത്തര മേഖല.

Email

പകർപ്പ്: സിഎ ടു ഡിജിപി & സി.എസ്/ഒസി

NB: ഈ സർക്കുലർ കൈപ്പറ്റിയ വിവരം അടിയന്തിരമായി അറിയിക്കേണ്ടതാണ്.

അംഗീകാരത്തോടെ,

സൂപ്രണ്ട്

*DNS/06/04/16*